Draft #3 of File 22104/AD A1/1/2019/AD A 1 Approved by REGISTRAR (i/c) on 12-Dec-2019 05:19 PM - Page 1

150 YEARS OF CELEBRATING THE MAHATMA

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 22104/AD A1/1/AD A1/AD A 1 തീയതി: 12.12.2019

**സർക്കുലർ**

വിഷയം:- ദേശീയ ഊർജ്ജസംരക്ഷണ ദിനാചരണം- 2019 ഡിസംബർ 14 - ഊർജ്ജസംരക്ഷണ പ്രതിജ്ഞ - സംബന്ധിച്ച്.

സൂചന :- കേരള സർക്കാർ ഊർജ്ജ (എ) വകുപ്പിൻറെ 12.12.2019-ലെ പരിപത്രം പി.ഡബ്ല്യൂ.ആർ.എ.1/217/2019-പവർ

------

ദേശീയ തലത്തിൽ എല്ലാ വർഷവും ഡിസംബർ 14 ദേശീയ ഊർജ്ജസംരക്ഷണ ദിനമായി ആചരിച്ചുവരികയാണ്. കേരളത്തിൽ നവംബർ 15 മുതൽ ഡിസംബർ 14 വരെയുള്ള കാലയളവ് വിവിധ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളോട്ടുകൂടി ഊർജ്ജസംരക്ഷണ മാസമായി ആചരിച്ചുവരുന്നു. എല്ലാ വിഭാഗം ജനങ്ങളിലും ഊർജ്ജ സംരക്ഷണത്തിൻറെ പ്രാധാന്യം ഉൾക്കൊള്ളുന്ന സന്ദേശമെത്തിക്കുക, മത്സര പരിപാടികൾ, ചർച്ചകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ച് കൂടുതൽ ഊർജ്ജസംരക്ഷണ മാർഗ്ഗങ്ങൾ മനസ്സിലാക്കുക, ഊർജ്ജത്തിൻറെ ദുരുപയോഗം തടഞ്ഞ് കുറഞ്ഞ ഉപയോഗം പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഊർജ്ജസംരക്ഷണ ദിനാചരണത്തിൻറെ ഉദ്ദേശം.

കേരളത്തിലെ ഊർജ്ജസംരക്ഷണ ദിനാചരണത്തിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും ഊർജ്ജസംരക്ഷണത്തിൻറെ പ്രാധാന്യത്തെപ്പറ്റി ബോധവാന്മാരാക്കുന്നതിനും എല്ലാ വകുപ്പുകളുടെ നേതൃത്വത്തിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഊർജ്ജസംരക്ഷണ പ്രതിജ്ഞയെടുക്കണമെന്ന് സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു.

ആയതിൻറെ അടിസ്ഥാനത്തിൽ, 2019 ഡിസംബർ 14 പൊതുഅവധിയായതിനാൽ 2019 ഡിസംബർ 13-ന് രാവിലെ 11.00 മണിക്ക് സർവ്വകലാശാലയുടെ ഭരണവിഭാഗം മന്ദിരത്തിലെ ചത്വരത്തിൽ വെച്ച് ഊർജ്ജ സംരക്ഷണ പ്രതിജ്ഞ (മറുപുറം ചേർത്തിരിക്കുന്നത് കാണുക) വായിക്കപ്പെടുന്നതാണ്.

പ്രസ്തുത ചടങ്ങിൽ സർവ്വകലാശാല സമൂഹത്തിൽപ്പെട്ട എല്ലാവരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒപ്പ്
**ഡോ .കെ. സാബുകുട്ടൻ**
രജിസ്ട്രാർ (i/c)

സ്വീകർത്താവ്

1. സെക്ഷനുകൾ/ഡിപ്പാർട്ട്മെൻറുകൾ/സ്കൂളുകൾ/സെൻററുകൾ
2. വൈസ് ചാൻസിലർ /പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാറുടെ/പരീക്ഷാ കൺട്രോളറുടെ/ഫിനാൻസ് ഓഫീസറുടെ പി.എ.മാർ.
4. പബ്ലിക് റിലേഷൻസ് ഓഫീസർ/സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ (ആവശ്യമായ ക്രമീകരണങ്ങൾക്കായി)
5. നോട്ടീസ് ബോർഡ്/സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #3 of File 22104/AD A1/1/2019/AD A 1 Approved by REGISTRAR (i/c) on 12-Dec-2019 05:19 PM - Page 3

## <u>ഊർജ്ജസംരക്ഷണ പ്രതിജ്ഞ</u>

ഊർജ്ജ വിഭവങ്ങളുടെ അമിത ചൂഷണവും അമിതമായ ഉപഭോഗവും വരുത്തിവെയ്ക്കുന്ന ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും എൻറെ നാടിൻറെയും മുഴുവൻ ലോകത്തിൻറെയും നാശത്തിന് വഴിവെക്കുമെന്ന് ഞാൻ ഉറച്ചുവിശ്വസിക്കുന്നു.

ജീവസംരക്ഷണം ഊർജ്ജസംരക്ഷണത്തിലൂടെയേ സാധ്യമാവൂ എന്നതിനാൽ ഹരിതഗൃഹ വാതകങ്ങളുടെ നിർഗമനം കൂട്ടുന്ന ഏതു നടപടിയും നിരുത്സാഹപ്പെടുത്തുവാൻ വേണ്ട പ്രചാരണ പ്രബോധന പരിപാടികളിൽ ഞാൻ ഇന്നു മുതൽ സജീവ സാന്നിദ്ധ്യമായിരിക്കുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

വരും തലമുറകൾക്കുകൂടി ഉപയോഗിക്കാനാവുംവിധം പരിസ്ഥിതി സൗഹൃദ ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുവാനും വ്യാപകമായുപയോഗപ്പെടുത്തുവാനും, എവിടെയും എപ്പോഴും ഊർജ്ജക്ഷമത ഉയർത്തിപ്പിടിക്കുവാനും വേണ്ടി ആളുകളെ പ്രേരിപ്പിക്കുന്നത് പൗരധർമ്മമായും സ്വന്തം കടമയായും കണക്കാക്കി, ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഇനി ആഴത്തിൽ മുഴുകി പ്രവർത്തിക്കുമെന്നും ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം